"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യവകുപ്പിൽ പുതുതായി സൃഷ്ടിച്ച 152 തസ്തികകൾ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് വിന്യസിച്ച സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ(എം) വകുപ്പ്**

സ.ഉ.(കൈ) നം.235/2026/H&FWD തീയതി,തിരുവനന്തപുരം, 18-08-2026

---

പരാമർശം:-

1. സ.ഉ(കൈ) നം.151/2026/ H&FWD, തീയതി 25.06.2026
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 26.07.2026 തീയതിയിലെ DHS/15094/2024-PLA4-Part(1) നമ്പർ കത്ത്

**ഉത്തരവ്**

ആരോഗ്യവകുപ്പിൽ പുതുതായി സൃഷ്ടിച്ച 152 തസ്തികകൾ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് വിന്യസിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, കാസർഗോഡ് ജില്ലയിൽ അനുവദിച്ച ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകളുടെ പട്ടികയിലെ ക്രമ നമ്പർ 57-ൽ **എഫ്.എച്ച്.സി. ബദിയടുക്ക** എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബദിയടുക്കയിലുള്ള സ്ഥാപനം സാമൂഹികാരോഗ്യ കേന്ദ്രമായതിനാലും പ്രസ്തുത തസ്തിക അനുവദിക്കേണ്ടിയിരുന്നത് **എഫ്.എച്ച്.സി. ബന്തടുക്ക (FHC Bandaduka)** എന്ന സ്ഥാപനത്തിലേക്കായതിനാലും, ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് പരാമർശം (2) പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി .

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിന്റെ അനുബന്ധത്തിൽ കാസർഗോഡ് ജില്ലയിൽ അനുവദിച്ച ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികകളുടെ പട്ടികയിലെ ക്രമ നമ്പർ 57-ൽ **എഫ്.എച്ച്.സി. ബദിയടുക്ക** എന്നത് **എഫ്.എച്ച്.സി. ബന്തടുക്ക (FHC Bandaduka)** എന്ന് ഭേദഗതി ചെയ്ത് സർക്കാർ ഉത്തരവാകുന്നു.

3. പരാമർശം (1) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപാ സുരേന്ദ്രൻ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ധനകാര്യ വകുപ്പ് (File No.2954246/ HLT-B1/171/2024-FIN)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്